# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### പാലക്കാട് നഗരസഭയിലെ മാസ്റ്റർ പ്ലാൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3014. 13.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് നഗരസഭയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയി-ക്കാമോ; മാസ്റ്റർപ്ലാൻ എന്ന് പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | പാലക്കാട് നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാൻ 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് 36(4) വകുപ്പ് പ്രകാരം പാലക്കാട് നഗരസഭ 24/11/2016-ന് പ്രസിദ്ധീകരിക്കുകയും ടി ആക്റ്റിലെ 36(6) വകുപ്പ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് നടപടികൾ എടുക്കുന്നതിനുള്ള കമ്മിറ്റി നഗരസഭ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിക്ക് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും കമ്മിറ്റി പരിശോധിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | മാസ്റ്റർ പ്ലാൻ പ്രസിദ്ധപ്പെടുത്താൻ വൈകുന്നത് മൂലം ഫയലുകൾ കെട്ടിക്കിടക്കുകയും ആയതുകാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നതും ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ? | (ബി) | 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് 113(2) പ്രകാരം നിലവിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകൾ ടി ആക്റ്റ് പ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയതായി പരിഗണിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ അപേക്ഷകൾ നിലവിലുള്ള അംഗീകൃത മാസ്റ്റർപ്ലാനിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിക്കുകയും യഥാസമയം തീർപ്പുകൽ-പ്പിക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ